## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4341 27.06.2013- ൽ മറുപടിക്ക്**

**മലപ്പുറം ജില്ലയിൽ ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി. കെ ബഷീർ | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | മലപ്പുറം ജില്ലയിൽ ദുരന്തനിവാരണത്തിനായുള്ള ജില്ലാതല മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | മലപ്പുറം ജില്ലയിൽ ദുരന്ത നിവാരണത്തിനായുള്ള ജില്ലാതല മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | ദുരന്ത നിവാരണ അതോറിറ്റി വഴി കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ മലപ്പുറം ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ബി) | ദുരന്ത നിവാരണ അതോറിറ്റി വഴി കഴിഞ്ഞ രണ്ട് വർഷങ്ങളിലായി താലൂക്ക് കേന്ദ്രങ്ങളിലും ജില്ലാ ആസ്ഥാനത്തും ഫയർ ആന്റ് റസ്ക്യൂ വകുപ്പുമായി സഹകരിച്ച് മോക്ഡ്രിൽ നടത്തിയിട്ടുണ്ട്. ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കുമായി ഇഗ്നോയുടെ സഹകരണത്തോടെ രണ്ടു കേന്ദ്രങ്ങളിൽ വച്ച് 16 ദിവസത്തെ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ചു.<br><br>അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണത്തിന്റെ ഭാഗമായി ജില്ലയിലെ ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കായി 2011 ൽ ചിത്ര രചനാ മത്സരവും 2012 ൽ ക്വിസ് മത്സരവും സംഘടിപ്പിച്ചു.<br><br>അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണത്തിന്റെ ഭാഗമായി നെഹ്റു യുവ കേന്ദ്രയുടെയും മറ്റും സഹകരണത്തോടെ കൂട്ട നടത്തം സംഘടിപ്പിച്ചു. |
| (സി) | നടപ്പു സാമ്പത്തിക വർഷം മലപ്പുറം ജില്ലയിൽ എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; | (സി) | നടപ്പു സാമ്പത്തിക വർഷത്തിൽ വരൾച്ചാ പ്രകൃതിക്ഷോഭ ബോധവല്കരണ കാമ്പയിൻ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ജില്ലയിലെ വിവിധ കോളേജുകളിലും സ്കൂളുകളിലും സെമിനാറുകളും ചർച്ചകളും മറ്റും സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ട്. പുതിയ കുളങ്ങളും |

| | | | |
|---|---|---|---|
| | | | കിണറുകളും കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനും കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള കെമിക്കൽ ആക്സിഡന്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതാണ്. |
| (ഡി) | ജില്ലയ്ക്കായി ഒരു ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട ജനപ്രതിനിധികളെ പങ്കെടുപ്പിച്ച് ഒരു യോഗം വിളിച്ചു ചേർക്കുമോ? | (ഡി) | ജില്ലാതല കൺസൾട്ടേറ്റീവ് മീറ്റിംഗ് എല്ലാ ജില്ലകളിലും വിളിച്ചു ചേർക്കാൻ ദുരന്ത നിവാരണ അപഗ്രഥന സെല്ലിനെ ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ